വിജയപഥം
മാതൃഭൂമി 2014 മാർച്ച് ബുധൻ 19
email: vijayapathmbi@gmail.com

ഗീത: കാലാതീതമായ ജ്ഞാനം

■ **ദേബശിഷ് ചാറ്റർജി**
successsutras@gmail.com

അനിശ്ചിതത്വത്തിൻെറ നിമിഷങ്ങളിൽ കാര്യങ്ങളെ ഫലപ്രാപ്തിയിലേക്ക് എത്തിക്കുന്നതെങ്ങനെയെന്ന് പഠിപ്പിക്കുന്ന മഹദ്ഗ്രന്ഥമാണ് ഗീത. നിലവിലുള്ളതിനെ അതേപടി നയിക്കുന്നതിലൂടെയല്ല നേതാക്കളുടെ കഴിവ് പരിശോധിക്കപ്പെടുക. അവർ മാറ്റത്തെ നയിക്കുമ്പോഴാണ്. വലിയ കഴിവ് ആവശ്യമായിവരുന്നത് അപ്പോഴ മാത്രമാണ്. മാറ്റത്തിൻെറ സന്തത സഹചാരിയാണ് അനിശ്ചിതത്വം. മാറ്റത്തിൻെറ കൊടുങ്കാറ്റിൽ ആദ്യം പാറിപ്പോവുക നമ്മുടെ പരമ്പരാഗതമായ തുരുമ്പെടുത്ത മാനേജ്മെൻറ് സങ്കല്പങ്ങളാണ്. അനിശ്ചിതത്വത്തിൻെറ നിമിഷങ്ങളിൽ അടിപതറുക അതുവരെയുള്ള നമ്മുടെ അറിവുകളും നിഗമനങ്ങളുമാണ്.

നമ്മുടെ മാനസികലോകങ്ങൾക്കുപുറത്തെ മാറ്റങ്ങൾ, മാനസികമായ നമ്മുടെ മാറ്റങ്ങളേക്കാൾ ഒരുപാട് വലുതാവുമ്പോഴാണ് നാം സാഹചര്യങ്ങളുടെ ബലിയാടുകളായിപ്പോവുന്നത്. യുദ്ധരംഗത്തേക്ക് കാലെടുത്ത് വെക്കുന്നതോടുകൂടി ആ നിമിഷം വരെയുള്ള കെട്ടുറപ്പുള്ള സാമൂഹികക്രമത്തിൻെറ അന്ത്യമായിരിക്കുമെന്ന തോന്നലാണ് അർജുനനെ അലട്ടിയത്. പുറത്തെ യുദ്ധത്തെക്കാൾ ഭീതിദമായ യുദ്ധം നടക്കുന്നത് അകത്താണ്. ദിശ നഷ്ടമായ വിമാനം പോലെയാവും തോന്നലുകൾ ചിലപ്പോൾ. അവിടെയാണ് കൃഷ്ണൻ ആദ്യം അർജുനനെ നയിച്ചത്.

CLUE.in
from the desk of
IIM(K)Director

പ്രതികൂലകാലാവസ്ഥയിൽ വിമാനത്തിൻെറ നിയന്ത്രണം ശരിയായ രീതിയിൽ കൈയാളുന്ന വൈമാനികനെപ്പോലെയാണ് ഒരു യഥാർഥ നേതാവ്. അനിശ്ചിതത്വത്തിൻെറ നിമിഷങ്ങളിൽ അനായാസേന, പ്രസ്ഥാനത്തെ മാറിയ പരിതസ്ഥിതിയിൽ ശരിയായപാതയിൽ, നയിക്കാനാവുക അത്തരക്കാർക്ക് മാത്രമാണ്. അകത്തെ ഘോരയുദ്ധത്തിലെ നമ്മുടെ പ്രകടനത്തെ ആശ്രയിച്ചിരിക്കുന്നു പുറത്തെ യുദ്ധത്തിൻെറ ഫലം. അർജുനനെ മാനസികമായി യുദ്ധസജ്ജമാക്കുകയായിരുന്നു കൃഷ്ണൻെറ ദൗത്യം.

മാറുന്ന പരിതസ്ഥിതികളെ അറിയുന്നവരും കാലികപ്രസക്തമായ കാര്യങ്ങളെ ഉൾക്കൊള്ളാനും വിലയിരുത്താനും അതിനെ നേരിടുവാനുമുള്ള ആർജവമുള്ളവരുമായിരിക്കണം നേതാക്കൾ. അപ്പോൾമാത്രമേ അവർക്ക് ലോകത്തെ നയിക്കാനാവുകയുള്ളൂ.

മെരുക്കിയെടുത്ത സ്വന്തം ഇച്ഛാശക്തിയോളം പോരുന്ന മറ്റൊരു ശക്തിയില്ലെന്നതാണ് യാഥാർഥ്യം. വ്യക്തിപരമായ കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുമ്പോൾ ഇച്ഛാശക്തിയുടെ കരുത്ത് ചോർന്നുപോവുന്നതാണ് അനുഭവം, എന്നാൽ, ലോകനന്മയ്ക്കായി ആവുമ്പോൾ അത് പലമടങ്ങുകളായി കൂടുകയും ചെയ്യും. ഉദാഹരണങ്ങളായി എത്ര നേതാക്കളുണ്ട്? അടച്ചിട്ട മുറിയിലെ വായു മലിനമാവുന്നതുപോലെയാണ് സ്വന്തം ആഗ്രഹങ്ങളുടെ തടവറയിലെ ഇച്ഛാശക്തി വിഷമയമാവുന്നത്. വൈയക്തികമായ ആഗ്രഹങ്ങളില്ലാത്തപ്പോൾ തുറന്നുകിടക്കുന്ന മുറിയിലെ നിർമലമായ വായുപോലെ ഇച്ഛാശക്തി ശുദ്ധവും കരുത്തേറിയതുമായിരിക്കും.

ഒരേസമയം, അങ്ങേയറ്റത്തെ വിനയവും അതുപോലെതന്നെ മനഃശക്തിയുമെന്ന വൈരുധ്യം അവരിൽ നമുക്ക് കാണാവുന്നതുമാണ്. വലിയൊരു ജീവിതലക്ഷ്യത്തിനായി ചെറിയ ആഗ്രഹങ്ങൾ ഉപേക്ഷിക്കാനാണ് ഗീതയിലൂടെ കൃഷ്ണൻ അർജുനനെ പഠിപ്പിച്ചത്. ലോകത്തെ ഇന്നും പഠിപ്പിക്കുന്നതും നേതാക്കൾ പഠിച്ചുകൊണ്ടിരിക്കുന്നതും അതുതന്നെ.

© Debashis Chatterjee

ഗെറ്റ്സെറ്റ് സ്റ്റാർട്ട്അപ്

തുടങ്ങാം നവസംരംഭങ്ങൾ

■ **ടി.എ. അരുണാനന്ദ്**
arunta007@yahoo.com

കേരളത്തിൽ എൻജിനീയറിങ് കോളേജുകളുടെ എണ്ണം റോക്കറ്റുവേഗത്തിലാണ് വർധിച്ചത്. സീറ്റുകളുടെ എണ്ണത്തിലെ ക്രമാതീതമായ വർധന ചെറിയതോതിലെങ്കിലും ഈ രംഗത്തെ തൊഴിലില്ലായ്മയ്ക്ക് കാരണമായിട്ടുണ്ട്. ഇതിന് ഒരു കാരണമായി പറയപ്പെടുന്നത് നമ്മുടെ വിദ്യാർഥികളുടെ 'എംപ്ലോയബിലിറ്റി' അഥവാ തൊഴിൽക്ഷമതയിലുള്ള കുറവാണ്. പക്ഷേ, ഇത്തരം ന്യൂനതകളും സർക്കാറും വ്യവസായമേഖലകളും നല്കിവരുന്ന പ്രോത്സാഹനവും കേരളത്തിലെ സ്റ്റാർട്ടപ്പ് കമ്പനികളുടെ എണ്ണം കുതിച്ചുയരാൻ സഹായിച്ചിട്ടുണ്ട് എന്നുപറയാതെവയ്യ. മറ്റാരുടെ കീഴിലും പണിയെടുക്കാതെ, സ്വന്തം ആശയങ്ങൾ പ്രാവർത്തികമാക്കാനും ബിസിനസ് നടത്താനും കഴിയുന്നു എന്നതാണ് സ്റ്റാർട്ടപ്പ് കമ്പനികളുടെ പ്രധാന ആകർഷണം.

■ ■ ടീം വർക്ക്

മിക്കവാറും എല്ലാ സ്റ്റാർട്ടപ്പ് കമ്പനികളും ഒന്നിലധികം പേർ ചേർന്നാണ് രൂപവത്കരിക്കുന്നത്. ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ടീം രൂപപ്പെടുത്തുകയാണ് ആദ്യം വേണ്ടത്. ഒരു ഐ.ടി. സ്റ്റാർട്ടപ്പിൽ തീർച്ചയായും ചില പ്രത്യേക കഴിവുകളുള്ള വ്യക്തികൾ ഉണ്ടായിരിക്കണം ഒരു സാങ്കേതിക വിദഗ്ധൻ, ഒരു ഡിസൈൻ വിദഗ്ധൻ, ഒരു ബിസിനസ് വിദഗ്ധൻ എന്നിവർ. ആവശ്യമെങ്കിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരാൾകൂടി ഉണ്ടാവുകയോ നേരത്തേ പറഞ്ഞ മൂന്നുപേരിൽ ആരെങ്കിലും ഒരാൾ പണമിടപാടുകൾ കൈകാര്യം ചെയ്യുകയോ ആവാം. പക്ഷേ, സംഘത്തിലെ ഓരോരുത്തർക്കും വ്യക്തമായ കർത്തവ്യങ്ങൾ തീരുമാനിച്ചിരിക്കണം

■ ■ ആശയരൂപവത്കരണം

ഏതൊരു സ്റ്റാർട്ടപ്പ് തുടങ്ങുമ്പോഴും ഏതുമേഖലയിലാണ് പ്രവർത്തിക്കാൻ പോകുന്നത് എന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ നല്ലതാണ്. ഒരുപക്ഷേ, വ്യക്തമായ ഒരു ആശയമോ പ്രൊഡക്ട് രൂപകല്പനയോ ആദ്യഘട്ടത്തിൽ ഉണ്ടായിക്കൊള്ളണമെന്നില്ല. ഇത് പിന്നീടുള്ള നാളുകളിൽ രൂപപ്പെട്ടേക്കാം. ഒരുപക്ഷേ, ആദ്യഘട്ടത്തിലുള്ള ആശയം പിന്നീട് ഭാഗികമായോ പരിപൂർണമായോ മാറ്റേണ്ടിവന്നേക്കാം. അത്തരത്തിൽ, ആശയങ്ങളോടുള്ള തുറന്ന സമീപനം സ്റ്റാർട്ടപ്പിൻെറ വളർച്ചയിൽ ഗുണംചെയ്യും.

■ ■ കമ്പനി രജിസ്ട്രേഷൻ

ഒരു സ്റ്റാർട്ടപ്പ് തുടങ്ങുന്നതിന് മുൻപോ ആശയരൂപവത്കരണത്തിന് മുൻപോ ശേഷമോ കമ്പനിക്ക് ഒരു പേര് കണ്ടെത്തേണ്ടതുണ്ട്. ഈ പേര് രജിസ്ട്രാർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്യുന്നതോടെയാണ് കമ്പനി ഔദ്യോഗികമായി നിലവിൽവരുന്നത്. പക്ഷേ, ഇങ്ങനെ രജിസ്റ്റർ ചെയ്യാതെതന്നെ സംഘാംഗങ്ങൾ തമ്മിലുള്ള പരസ്പരധാരണപ്രകാരം ഒരു 'പാർട്ട്ണർഷിപ്പി'ൽ ഏർപ്പെടാവുന്നതാണ്. ഒരു വക്കീലിൻെറ സഹായം തേടിയോ നൂറു രൂപയുടെ മുദ്രക്കടലാസിൽ ധാരണാപത്രം ഒപ്പിട്ടോ പാർട്ട്ണർഷിപ്പിൽ ഏർപ്പെടാം. കമ്പനിയുടെ തുടക്കകാലങ്ങളിൽ ഇത്തരം ഒരു ധാരണ മതിയാവും.

കമ്പനി ഔദ്യോഗികമായി രജിസ്റ്റർ ചെയ്യേണ്ടിവരുമ്പോൾ പാർട്ട്ണർഷിപ്പ് എഗ്രിമെൻറ് മതിയാവില്ല. ആ ഘട്ടത്തിൽ രണ്ട് മാർഗങ്ങളാണുള്ളത്. (i) ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ് അഥവാ എൽ.പി.പി. ആയി സ്റ്റാർട്ടപ്പ് രജിസ്റ്റർ ചെയ്യാം. താരതമ്യേന അടുത്തകാലത്താണ് ഇത്തരം ഒരു രജിസ്ട്രേഷൻ സാധ്യത സർക്കാർ അവതരിപ്പിച്ചത്. പാർട്ട്ണർമാർക്ക് നികുതിയുടെയും മറ്റ് സാമ്പത്തിക ഇടപാടുകളുടെയും കാര്യത്തിൽ ഒട്ടൊക്കെ സ്വാതന്ത്ര്യം എൽ.പി.പി. നൽകുന്നുണ്ട്. (ii) പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അഥവാ Pvt Ltd. ആണ് മറ്റൊരു രീതി. മിക്കവാറും കമ്പനികളെല്ലാം ഈ രീതിയാണ് എൽ.പി.പി.യേക്കാൾ ഇഷ്ടപ്പെടുന്നത്. സാർവത്രികമായി 'പ്രൈവറ്റ് ലിമിറ്റഡ്' കമ്പനികൾക്കുള്ള അംഗീകാരമാണ് ഈ ഇഷ്ടത്തിന് മുഖ്യകാരണം.

മുകളിൽ പറഞ്ഞ ഏതുരീതിയിൽ കമ്പനി രജിസ്റ്റർ ചെയ്യണമെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ ഉചിതമായ ഒരു പേര് കണ്ടുപിടിക്കണം. ഈയിടെയായി ഒറ്റനാമം കമ്പനിയുടെ പേരായി അനുവദിക്കുന്നില്ല. അതായത് ABC Pvt. Ltd എന്ന പേര് അനുവദിക്കപ്പെട്ടേക്കില്ല; പകരം ABC Labi Pvt. Ltd, ABC Technology Pvt. Ltd തുടങ്ങി രണ്ടുഭാഗങ്ങളുള്ള പേരുകളാണ് അനുവദിക്കാറ്.

പേര് തിരഞ്ഞെടുക്കുമ്പോൾ മൂന്നുകാര്യങ്ങൾ പ്രധാനമായും ശ്രദ്ധിക്കണം: പേര് ലളിതമായിരിക്കണം. ഒരു പേര് ഉറപ്പിക്കുന്നതിനുമുമ്പ് ആ പേരിൽ വെബ്സൈറ്റ് വിലാസം ലഭ്യമാണെന്ന് ഉറപ്പുവരുത്തണം അനുയോജ്യമായ ഒരു വെബ്സൈറ്റ് വിലാസം ഐ.ടി. രംഗത്ത് ഒഴിച്ചുകൂടാനാകാത്ത ഒന്നാണ്. അതോടൊപ്പം നിങ്ങൾ തിരഞ്ഞെടുക്കുന്ന പേര് ഇന്ത്യയിൽ മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടതല്ല എന്ന് ഉറപ്പുവരുത്തണം. ഇതിനായി രജിസ്ട്രാർ ഓഫ് കമ്പനീസിൻെറ വെബ്സൈറ്റ് (www.mca/gov.in/Minitsry/roc/html) സന്ദർശിക്കുക.

ഇത്രയും കഴിഞ്ഞാൽ കമ്പനി രജിസ്ട്രേഷനിലേക്ക് കടക്കാം സ്വയം തന്നെയോ ഏജൻറുമാർ മുഖേനയോ ഈ പ്രക്രിയ നടത്താം. ഏകദേശം 8,000-12,000 രൂപ രജിസ്ട്രേഷന് ചെലവാകും. ഏജൻറുമാർ വഴി ചെയ്യുമ്പോൾ ഇത് 20,000-30,000 രൂപവരെയാകാം. രജിസ്ട്രേഷൻ സമയത്ത് നിങ്ങൾക്ക് അഞ്ച് പേരുകൾവരെ കമ്പനിക്കായി നിർദേശിക്കാം. ഇവയിൽനിന്ന് ഒരെണ്ണം മുൻഗണനാക്രമത്തിൽ അനുവദിക്കും. ഒരുപക്ഷേ, ഇവയൊന്നും അനുവദിക്കാൻ കഴിയില്ലെങ്കിൽ അതുസംബന്ധിച്ച അറിയിപ്പ് നിങ്ങൾക്ക് കിട്ടും. മറ്റൊരു പേര് നിർദേശിക്കാൻ അവസരം തരികയും ചെയ്യും. കമ്പനി തുടങ്ങുന്നതിനായി ചുരുങ്ങിയത് ഒരു ലക്ഷം രൂപയുടെ 'പെയ്ഡ് അപ്പ് ക്യാപിറ്റൽ' അഥവാ മൂലധനവും ഈ മൂലധനത്തിൻെറ ഡയറക്ടർമാർക്കിടയിലെ ഓഹരി ശതമാനവും കാണിച്ചിരിക്കണം.

■ ■ ഇൻക്യുബേറ്ററുകൾ

കേന്ദ്രസംസ്ഥാന സർക്കാറുകളുടെ കീഴിൽ ഇന്ന് ഒട്ടേറെ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററുകൾ (TBI) പ്രവർത്തിക്കുന്നുണ്ട്. സ്റ്റാർട്ടപ്പിൻെറ തുടക്കത്തിൽ ഒരുപക്ഷേ, നിങ്ങൾക്ക് വേണ്ടത്ര ആശയഗ്രാഹ്യമോ, വ്യാവസായിക ബന്ധങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ ഉണ്ടായെന്നുവരില്ല. ഈ ഘട്ടത്തിലാണ് ഇൻക്യുബേറ്ററുകൾ സഹായകമാകുന്നത്. അടിസ്ഥാന കമ്പ്യൂട്ടിങ്ബിസിനസ് സൗകര്യങ്ങൾ നാമമാത്രമായ തുകയ്ക്കോ തികച്ചും സൗജന്യമായോ ഇത്തരം ഇൻക്യുബേറ്ററുകൾ പ്രദാനംചെയ്യുന്നു. അതോടൊപ്പം ആശയവികസനത്തിനുള്ള സഹായം, വ്യാവസായിക ലോകത്തേക്കുള്ള പരിചയപ്പെടുത്തൽ, ബ്രാൻഡിങ് എന്നിവയ്ക്കും സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തിത്തരുന്നതിലും ഇൻക്യുബേറ്ററുകൾ സഹായിക്കുന്നു. സ്റ്റാർട്ടപ്പ് ആക്സലറേറ്റർ പ്രോഗ്രാമുകൾ, മത്സരങ്ങൾ തുടങ്ങിയവയിലേക്ക് അപേക്ഷിക്കാനും ഇത്തരം സ്ഥാപനങ്ങൾ സഹായിക്കാം

ചില ഇൻക്യുബേറ്ററുകൾ കമ്പനി രജിസ്ട്രേഷനു ശേഷം മാത്രമേ പ്രവേശനം അനുവദിക്കൂ. എന്നാൽ, ചിലവ ആശയരൂപവത്കരണ ഘട്ടത്തിൽപ്പോലുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുകയും പ്രവേശനം നൽകുകയും ചെയ്യുന്നു. കേരളത്തിലെ പ്രധാന ഇൻക്യുബേറ്ററുകൾ ഇവയാണ്.

- ടെക്നോപാർക്ക് ടി.ബി.ഐ. തിരുവനന്തപുരം
- സ്റ്റാർട്ടപ്പ് വില്ലേജ്, കളമശ്ശേരി
- എൻ.ഐ.ടി. കാലിക്കറ്റ് ടി.ബി.ഐ.
- തിരുവനന്തപുരം എൻജിനീയറിങ് കോളേജ് ടി.ബി.ഐ.
- അമൃത ടി.ബി.ഐ., കൊല്ലം

സഹായകമായേക്കാവുന്ന ലിങ്കുകൾ
www.kfc.org, www.startupvillage.in,
www.technopark tbi.org

ന്യൂജെൻ തൊഴിൽ ദാതാക്കൾ

■ ജോഫിൻ ജോസഫ്
(സി.ഇ.ഒ., പ്രൊഫൈൻസിസ് ലാബ്സ്, സ്റ്റാർട്ടപ്പ് വില്ലേജ്)

തികച്ചും ആശാവഹമായ മാറ്റമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കൂടുതൽ എൻജിനീയറിങ് വിദ്യാർഥികൾ സ്റ്റാർട്ടപ്പുകൾ തുടങ്ങാനായി മുന്നോട്ടു വരുന്നു. ഒരു തരത്തിൽ, തൊഴിലാളിയാവാതെ തൊഴിൽ ദാതാവായി മാറുന്ന ഈ പ്രവണത രാജ്യപുരോഗതിയെത്തന്നെ നല്ല രീതിയിൽ സ്വാധീനിക്കും. സർക്കാറുകളുടെ ഭാഗത്തുനിന്ന് സ്റ്റാർട്ടപ്പുകൾക്ക് നല്ല രീതിയിലുള്ള സഹകരണം ലഭിച്ചുവരുന്നുണ്ട്. എൻെറ അഭിപ്രായത്തിൽ കോളേജ് പഠന കാലഘട്ടത്തിൽതന്നെ വിദ്യാർഥികൾ സ്റ്റാർട്ടപ്പുകൾ തുടങ്ങണം. ശക്തമായ ആശയങ്ങളെ പരാജയഭീതിയില്ലാതെ സമീപിക്കാൻ ഈ സമയം ഉചിതമാണ്. ഒരിക്കലും ഗ്രേസ് മാർക്കോ, അറ്റൻഡൻസ് ഗ്രേസോ ആകരുത് സ്റ്റാർട്ടപ്പ് തുടങ്ങുന്നവരുടെ ലക്ഷ്യം. ആശയങ്ങൾ രൂപവത്കരിക്കാനും അവ സ്വന്തം നിലയിൽ പ്രാവർത്തികമാക്കാനുമുള്ള അവസരവും വെല്ലുവിളിയുമായി സ്റ്റാർട്ടപ്പിനെ കാണണം. ആകാശമാണ് അതിർത്തി എന്ന തോന്നലാണ് ആശയ രൂപവത്കരണത്തിൽ വേണ്ടത്. അങ്ങനെയുള്ളവർക്ക് തീർച്ചയായും വിജയം വരിക്കാൻ കഴിയും.

■ അരുൺ നായർ
(ബിസിനസ് ഹെഡ്ഡ്, ക്യാറ്റ് എൻറർടെയിൻമെൻറ്, സ്റ്റാർട്ടപ്പ് വില്ലേജ്)

'**പോ**കുന്ന വഴിക്കെല്ലാം അവർ നിങ്ങളെ കളിയാക്കി ചിരിച്ചേക്കാം; പക്ഷേ, ആത്യന്തികമായി പുഞ്ചിരിക്കുന്നത് നിങ്ങളായിരിക്കണം' എന്ന് കേട്ടിട്ടില്ലേ. ഒരു പക്ഷേ, ഒരു സ്റ്റാർട്ടപ്പ് തുടങ്ങുമ്പോൾ നിങ്ങൾക്ക് ഒരുപാട് തടസ്സങ്ങൾ നേരിട്ടേക്കാം, പ്രതിസന്ധികൾ പേടിപ്പെടുത്തിയെന്നു വരും; പക്ഷേ, അത്തരം അവസരങ്ങളെ സമചിത്തതയോടെ കീഴടക്കുന്നവനാണ് വിജയി. അത്തരത്തിലുള്ളവർക്ക് പറഞ്ഞിട്ടുള്ളതാണ് സ്റ്റാർട്ടപ്പുകൾ. ഭാവനയും സാങ്കേതിക വിജ്ഞാനവും കൂടിച്ചേരുമ്പോഴാണ് ഐ.ടി. സ്റ്റാർട്ടപ്പ് പിറവിയെടുക്കുന്നത്. തികഞ്ഞ ആത്മാർഥതയോടെ, ഒരമ്മ തൻെറ കുഞ്ഞിനെ സ്നേഹിക്കുന്ന തീവ്രതയോടെ തൻെറ ആശയത്തെ സമീപിക്കുന്ന ഒരു വിദ്യാർഥിക്ക് തീർച്ചയായും ഈ രംഗത്തേക്ക് കടന്നുവരാം. 'പാഷൻ' ഉണ്ടായിരിക്കുക എന്നതാണ് പരമപ്രധാനം. പിന്നെ അതു പിന്തുടരുവാനുള്ള മനസ്സിൻെറ ഉറപ്പും.

24x7 GK diary

- പ്രശസ്ത ക്രിക്കറ്റ് വെബ്സൈറ്റായ ക്രിക്ഇൻഫോയുടെ 'ക്രിക്കറ്റർ ഓഫ് ദ ജനറേഷൻ' അവാർഡ് സച്ചിൻ തെണ്ടുൽക്കർക്ക്. 1993 മുതൽ 2013 വരെയുള്ള കാലയളവിലെ ഏറ്റവും മികച്ച ക്രിക്കറ്ററായാണ് സച്ചിൻ തിരഞ്ഞെടുക്കപ്പെട്ടത്.
- 239 യാത്രക്കാരുമായി മലേഷ്യയിൽനിന്ന് ബെയ്ജിങ്ങിലേക്ക് പറന്ന മലേഷ്യൻ എയർലൈൻസിൻെറ എം.എച്ച്. 370 വിമാനം യാത്രാമധ്യേ കാണാതായി. വിമാനം റാഞ്ചിയതാകാമെന്നാണ് വിവരം. വിമാനത്തിൻെറ വാർത്താവിനിമയബന്ധം ബോധപൂർവം വിച്ഛേദിച്ചതിനും തെളിവുണ്ട്. റാഞ്ചിയത് ഇന്ത്യയിൽ ഭീകരാക്രമണം നടത്താനാണെന്ന് യു.എസ്. വിദേശകാര്യ ഉപസെക്രട്ടറിയായിരുന്ന സ്ട്രോബ് ടാൾബോട്ട് അഭിപ്രായപ്പെട്ടു.
- അമേരിക്കൻ അന്താരാഷ്ട്ര വാണിജ്യവകുപ്പ് ഡയറക്ടർ ജനറലായും അസിസ്റ്റൻറ് സെക്രട്ടറിയായും മലയാളിയായ അരുൺ എം. കുമാറിനെ യു.എസ്. സെനറ്റ് നിയമിച്ചു.
- ലോകത്തിലെ ഏറ്റവും വലിയ മൊബൈൽഫോൺ നിർമാണക്കമ്പനികളിലൊന്നായ നോക്കിയയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഇന്ത്യക്കാരനായ രാജീവ് സൂരി നിയമിതനാകും.
- മഥുരയിലെ വൃന്ദാവനിൽ രാജ്യത്തെ ഏറ്റവും ഉയരമുള്ള ക്ഷേത്രം 'വൃന്ദാവൻ ചന്ദ്രോദയ മന്ദിർ' വരുന്നു. 70 നിലകളുള്ള ക്ഷേത്രത്തിന് 213 മീറ്റർ ഉയരമുണ്ടാവും.
- രഞ്ജി ട്രോഫിക്കും ഇറാനി ട്രോഫിക്കും പിറകെ കർണാടകയ്ക്ക് വിജയ് ഹസാരെ ട്രോഫിയും. ഫൈനലിൽ റെയിൽവേസിനെ നാലുവിക്കറ്റിനാണ് കർണാടക കീഴടക്കിയത്. ദേശീയ ക്രിക്കറ്റിലെ പ്രധാന മൂന്നുകിരീടങ്ങളും ഒരുമിച്ച് ഒരു ടീം നേടുന്നത് ആദ്യമായാണ്.
- കേന്ദ്ര സാഹിത്യഅക്കാദമിയുടെ 'ഭാഷാ സമ്മാൻ' പുരസ്കാരം കവിയും നിരൂപകനുമായ ഡോ. പുതുശ്ശേരി രാമചന്ദ്രന്.
- എം.എൽ.എ. സ്ഥാനത്ത് 16,874 ദിവസം പൂർത്തിയാക്കി മന്ത്രി കെ.എം. മാണി, കേരളനിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും സീനിയർ ജനപ്രതിനിധിയായി. കെ.ആർ. ഗൗരിയമ്മയെയാണ് മാണി പിന്തള്ളിയത്. ഏറ്റവും കൂടുതൽ കാലം മന്ത്രിയായതിൻെറയും കൂടുതൽ ബജറ്റ് അവതരിപ്പിച്ചതിൻെറയും റെക്കോഡും മാണിക്കാണ്.

58 തസ്തികകളിൽ പി.എസ്.സി. വിജ്ഞാപനം

യു.പി. വിഭാഗത്തിൽ ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ, നാച്വറൽ സയൻസിൽ (തമിഴ് മീഡിയം) ഹൈസ്കൂൾ അസിസ്റ്റൻറ്, സ്റ്റുഡിയോ അറ്റൻഡർ (അപ്ലൈഡ് ആർട്സ്, പെയിൻറിങ്, സ്കൾപ്ചർ), സ്റ്റെനോഗ്രാഫർ, ഡ്രൈവർ, കുക്ക് തുടങ്ങി 58 തസ്തികകളിലേക്കുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചു. ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. പി.എസ്.സി. വെബ്സൈറ്റിൽ ഒറ്റത്തവണ രജിസ്ട്രേഷൻ രീതിയിൽ ഓൺലൈനായി അപേക്ഷിക്കണം. ഏപ്രിൽ 16 ആണ് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി. വെബ്സൈറ്റ്: www.keralapsc.gov.in

അപേക്ഷിക്കാവുന്ന തസ്തികകൾ കാറ്റഗറി നമ്പർ സഹിതം ജനറൽ റിക്രൂട്ട്മെൻറ് (സംസ്ഥാനതലം)
2/2014 ക്യുറേറ്റർ ഗ്രേഡ് 2 (ഗാർഡൻ) കാഴ്ചബംഗ്ലാവും മൃഗശാലയും, 3/2014 ഇൻസ്ട്രക്ടർ ഇൻ ടെയ്ലറിങ്,ഗാർമെൻറ് മേക്കിങ് ട്രെയിനിങ് സെൻറർ (സാങ്കേതികവിദ്യാഭ്യാസം), 4/2014 അസിസ്റ്റൻറ് പ്രോജക്ട് എൻജിനീയർ,കേരള ലാൻഡ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ, 5/2014 റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്.II, (ലെതർ വർക്ക്സ്)മെഡിക്കൽ വിദ്യാഭ്യാസം, 6/2014 സ്റ്റുഡിയോ അറ്റൻഡർ (അപ്ലൈഡ് ആർട്സ്), 7/2014 സ്റ്റുഡിയോ അറ്റൻഡർ (പെയിൻറിങ്), 8/2014 സ്റ്റുഡിയോ അറ്റൻഡർ (സ്കൾപ്ചർ), 9/2014 കുക്ക് ഗ്രേഡ് II,കേരള മിനറൽസ് ആൻഡ് മെറ്റൽസ്, 10/2014 സ്റ്റെനോഗ്രാഫർ ഗ്രേഡ് II,കേരള ലാൻഡ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ, 11/2014 ഡ്രൈവർ, ഫോം മാറ്റിങ്സ് (ഇന്ത്യ), ജനറൽ റിക്രൂട്ട്മെൻറ് (ജില്ലാതലം), 12/2014 ഹൈസ്കൂൾ അസിസ്റ്റൻറ് (നാച്വറൽ സയൻസ്) തമിഴ് മീഡിയം, 13/2014 ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ (യു.പി.) മലയാളം മാധ്യമം, 14/2014 ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) (യു.പി.എസ്. തസ്തികമാറ്റം), 15/2014 വർക്ക് സൂപ്രണ്ട് കൃഷി (മണ്ണ് സംരക്ഷണം), 16/2014 ഡ്രൈവർ(എൽ.ഡി.വി.), 17/2014 ഡ്രൈവർ (എൽ.ഡി.വി.) (തസ്തികമാറ്റം), 18/2014 ഡ്രൈവർ(എച്ച്.ഡി.വി.) (വിമുക്തഭടന്മാരിൽനിന്നുമാത്രം), 19/2014 ഡ്രൈവർ (എച്ച്.ഡി.വി.) (തസ്തികമാറ്റം), 20/2014ക്ലാർക്ക്/ കാഷ്യർ,ജില്ലാ സഹകരണബാങ്ക്, 21/2014 ക്ലർക്ക്/ കാഷ്യർ, ജില്ലാ സഹകരണബാങ്ക് (സൊസൈറ്റി ക്വാട്ട), 22/2014 വാർഡർ അറ്റൻഡൻറ്, ജയിൽ, 23/2014 ലാബ് അറ്റൻഡർ, ഹോമിയോപ്പതി, 24/2014 ആയ, വിവിധം

സ്പെഷൽ റിക്രൂട്ട്മെൻറ് (സംസ്ഥാനതലം)
25/2014 ഹയർസെക്കൻഡറി സ്കൂൾ അധ്യാപകൻ, കെമിസ്ട്രി, (പട്ടികവർഗം), 26/2014 അസിസ്റ്റൻറ് എൻജിനീയർ(പട്ടികവർഗം), സ്പെഷൽ റിക്രൂട്ട്മെൻറ് (ജില്ലാതലം), 27/2014എൽ.പി. സ്കൂൾ അസിസ്റ്റൻറ്(മലയാളം മീഡിയം) (പട്ടിക വർഗം), എൻ.സി.എ. ഒഴിവുകളിലേക്ക്സംവരണസമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം), 28/2014 31/2014 അസിസ്റ്റൻറ് സർജൻ, 32/2014ഹെഡ് ഓഫ് സെക്ഷൻ, ബയോമെഡിക്കൽ എൻജിനീയറിങ്, 33/2014 35/2014 മെഡിക്കൽ ഓഫീസർ (വിഷ), ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, 36/2014അസിസ്റ്റൻറ് എൻജിനീയർ (സിവിൽ), 37/2014 41/2014 ഫോറസ്റ്റ് റെയ്ഞ്ചർ, 42/2014 സോയിൽ കൺസർവേഷൻ ഓഫീസർ, 43/2014 44/2014 ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ, ജിയോളജി, 45/2014ജൂനിയർ ടെക്നിക്കൽ ഓഫീസർ (സിവിൽ)

എൻ.സി.എ. ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)
46/2014 50/2014ഹൈസ്കൂൾ അസിസ്റ്റൻറ്(ഫിസിക്കൽ സയൻസ്),മലയാളം മാധ്യമം, 51/2014 52/2014 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, 53/2014 ഫാർമസിസ്റ്റ് (ഹോമിയോ), 54/2014 55/2014 ബൈൻഡർ, 56/2014 58/2014 ഫാർമസിസ്റ്റ് (ആയുർവേദം)

വികലാംഗർക്ക് മാത്രമായുള്ള പ്രത്യേക നിയമനം
59/2014ജൂനിയർ അസിസ്റ്റൻറ്/ കാഷ്യർ ,കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

കൂടുതൽ വിവരങ്ങൾക്ക്
തിങ്കളാഴ്ച പുറത്തിറങ്ങിയ
മാതൃഭൂമി തൊഴിൽവാർത്ത
(ലക്കം 21) കാണുക

bookworm

എൻ.ടി.എസ്.ഇ പഠനസഹായി

Study Package for
2nd
NTSE
Class X
• Mental Ability Test (MAT)
• Scholastic Aptitude Test (SAT)
Including English Language Test

നാഷണൽ ടാലൻറ് സെർച്ച് എക്സാമിനേഷന് ഒരുങ്ങുന്ന പത്താംക്ലാസ് വിദ്യാർഥികൾക്കായി മക്ഗ്രോഹിൽ എജ്യുക്കേഷൻ തയ്യാറാക്കിയ സ്റ്റഡി പാക്കേജ് പുറത്തിറങ്ങി.

പുതുക്കിയ സിലബസ്സും പരീക്ഷാക്രമവും ആധാരമാക്കിയാണ് പുസ്തകം തയ്യാറാക്കിയത്. മെൻറൽ എബിലിറ്റി ടെസ്റ്റ്, സ്കോളസ്റ്റിക് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, ഇംഗ്ലീഷ് ലാംഗ്വേജ് ടെസ്റ്റ് എന്നിങ്ങനെ മൂന്നുവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പരിശീലിക്കാൻ എല്ലാ വിഭാഗങ്ങളിലും ഒട്ടേറെ മാതൃകാചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമഗ്രതയാണ് ഈ പുസ്തകത്തിൻെറ സവിശേഷതയെന്ന് പ്രസാധകർ. എൻ.ടി.എസ്.ഇ പരീക്ഷയ്ക്ക് ഒരുങ്ങുന്നവർക്ക് മികച്ച പഠനസഹായിയായിരിക്കും ഈ പുസ്തകം.

പ്രസാധകർ: മക്ഗ്രോഹിൽ എജ്യുക്കേഷൻ ഇന്ത്യ, നോയ്ഡ. വില:595 രൂപ. വെബ്: www.mheducation.co.in

എയിംസ് ഋഷികേശിൽ 510 നഴ്സ്

ഉത്തരാഖണ്ഡിലെ ഋഷികേശിൽ പ്രവർത്തിക്കുന്ന ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലേക്ക് (എ.ഐ.എം.എസ്.) വിവിധ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്റ്റാഫ് നഴ്സിൻെറ 510 ഒഴിവുകളുൾപ്പെടെ 1115 ഒഴിവുകളുണ്ട്. 11 മാസത്തേക്ക് കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം.

സ്റ്റാഫ് നഴ്സ് യോഗ്യത: ബി.എസ് സി /പോസ്റ്റ് ബേസിക് നഴ്സിങ് ബിരുദം. നഴ്സ് ആൻറ് മിഡ് വൈഫ് ആയി നഴ്സിങ് കൗൺസിൽ രജിസ്ട്രേഷൻ വേണം. കുറഞ്ഞത് 200 കിടക്കകളുള്ള ആസ്പത്രിയിൽ സ്റ്റാഫ് നഴ്സ് ആയി അഞ്ചുവർഷത്തെ പരിചയം വേണം. നഴ്സിങ് പി.ജി.ക്കാർക്ക് മൂന്നുവർഷത്തെ പ്രവൃത്തിപരിചയം മതി. എം.എസ് സി നഴ്സിങ്, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ അഭിലഷണീയ യോഗ്യതകളാണ്.

അവസാനതീയതി: ഏപ്രിൽ 7.
വെബ്സൈറ്റ്:
www.aiismrishikesh.edu.in

കേന്ദ്രസേനകളിൽ 2892 ഒഴിവ്

സി.ആർ.പി.എഫ്., ബി.എസ്.എഫ്., ഐ.ടി.ബി.പി., സി.ഐ.എസ്.എഫ്., എസ്.എസ്.ബി., ഡൽഹി പോലീസ് എന്നിവയിൽ എസ്.ഐ. സി.ഐ.എസ്.എഫിൽ എ.എസ്.ഐ. തസ്തികകളിലായുള്ള 2892 ഒഴിവുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.ഏതെങ്കിലും വിഷയത്തിൽ ബിരുദവും ഡ്രൈവിങ് ലൈസൻസും നിർദിഷ്ട ശാരീരിക യോഗ്യയും ഉള്ളവർക്കാണ് അവസരം. ഡൽഹി പോലീസിലെ എസ്.ഐ. തസ്തികയിലേക്ക് പുരുഷന്മാർക്കു മാത്രം. മറ്റു ഒഴിവുകളിലേക്ക് സ്ത്രീകൾക്കും അപേക്ഷിക്കാം. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന പരീക്ഷയിലൂടെയാണ് തിരഞ്ഞെടുപ്പ്. ഓൺലൈൻ അപേക്ഷയുടെ അവസാന തീയതി: ഏപ്രിൽ 11.
വെബ്:www.ssc.nic.in